കേരളകൗമുദി
17 മേയ് 2018 വ്യാഴം

ഗുരുമാർഗം

കരുണാസമുദ്രമായ അല്ലയോ ഭഗവാൻ എന്നിൽനിന്നും ഒരുഉറുമ്പിനപോലും വേദനയുണ്ടാകാൻ ഇടവരരുത് എന്ന രൂപത്തിലുള്ള കാരുണ്യവും എല്ലായ്പോഴും അങ്ങയുടെ ദിവ്യ രൂപം ഹൃദയത്തിൽ നിന്നും മറന്നുപോകാത്ത വിധമുള്ള സ്മരണയും തന്നനുഗ്രഹിക്കുക.



www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

രോഹിണി 01 - 45
മകയിരം 56-09
ദ്വിതീയ 13-25
1940 വൈശാഖം 27
1439 റംസാൻ 01
1193 ഇടവം 03

കട്ടപ്പുറത്തല്ല ബസുകൾ ഇരിക്കേണ്ടത്

വിവിധ കാരണങ്ങളാൽ കെ.എസ്.ആർ.ടി.സി ബസുകൾ കൂട്ടത്തോടെ കട്ടപ്പുറത്താകുന്നത് പുതുമയുള്ള വാർത്തയല്ല. എന്നാൽ കോർപ്പറേഷനെ നഷ്ടക്കയത്തിൽ നിന്ന് പിടിച്ചുയർത്താനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾക്കിടയിലും നൂറുകണക്കിന് ബസുകൾ ഓടാനാകാത്ത അവസ്ഥയിലായാൽ അതിന് കാരണക്കാരായവരെ കണ്ടെത്തുകതന്നെ വേണം. രൂക്ഷമായ ടയർ ക്ഷാമമാണ് കോർപ്പറേഷനെ പിടികൂടിയിരിക്കുന്ന പുതിയ വ്യാധി. ടയർ റീട്രെഡ് യൂണിറ്റുകളിലെ മെല്ലെപ്പോക്കും സ്ഥിരം ജീവനക്കാരുടെ നിഷേധാത്മക സമീപനവും കാരണം ഉത്പാദനക്ഷമത തീരെ കുറഞ്ഞതാണ് ടയർ ക്ഷാമത്തിന് കാരണം. സർവീസ് മുടക്കം ഒഴിവാക്കി പരമാവധി ബസുകൾ റോഡിലിറക്കി വരുമാനം കൂട്ടാൻ ഒരുവശത്ത് ഭഗീരഥ പ്രയത്നം നടക്കുമ്പോഴാണ് ഇരിക്കുന്ന കൊമ്പു മുറിച്ച് സ്വയം ആപത്തിൽ ചെന്ന് ചാടാനുള്ള അത്യുത്സാഹം. റീട്രെഡിംഗ് യൂണിറ്റുകളിൽ പരമാവധി ഉത്പാദനം കൂട്ടി ടയർക്ഷാമം പരിഹരിക്കാനുള്ള മാനേജ്മെന്റിന്റെ നീക്കത്തിന് ജീവനക്കാരുടെ നിസ്സഹകരണം തടസമായിരിക്കുകയാണത്രെ. അനുസരിക്കാൻ കൂട്ടാക്കാത്തവരെ ജോലിയിൽ നിന്ന് പറഞ്ഞുവിട്ടും കാരണം കാണിക്കൽ നോട്ടീസ് നൽകിയും കാര്യങ്ങൾ നേരെയാക്കാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ശിക്ഷാനടപടികളോട് ജീവനക്കാർക്കുള്ള എതിർപ്പ് കൂടുതൽ പ്രതിസന്ധിയിലേക്കാകും കാര്യങ്ങൾ എത്തിക്കുക. പ്രതിഷേധസമരം പല യൂണിറ്റുകളിലും തുടങ്ങിക്കഴിഞ്ഞു. ടയർക്ഷാമം കാരണം ഒരുദിവസം അഞ്ഞൂറിലേറെ സർവീസുകളാണ് മുടങ്ങുന്നത്.

സ്വകാര്യ റീട്രെഡിംഗ് യൂണിറ്റുകളിൽ മുപ്പതും നാല്പതും ടയറുകൾ ഒരു ജീവനക്കാരൻ ഒരു ദിവസം റീട്രെഡ് ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സിയുടെ യൂണിറ്റിൽ പത്തെണ്ണം പോലും തീരുന്നില്ലെന്ന് വന്നാൽ അലസത വളരെ വ്യക്തമാണ്. അതിലേറെ വിചിത്രമാണ് ഒരേ യൂണിറ്റിലെതന്നെ രണ്ടുവിഭാഗം ജീവനക്കാരുടെ ഉത്പാദനക്ഷമതയിൽ കാണുന്ന വ്യത്യാസം. സ്ഥിരം ജീവനക്കാർ ഒരുദിവസം നാല് ടയർ മാത്രം റീട്രെഡ് ചെയ്യുമ്പോൾ താത്കാലിക ജീവനക്കാരൻ പന്ത്രണ്ടെണ്ണം ചെയ്യും. അന്തരം ബോദ്ധ്യപ്പെട്ട മാനേജ്മെന്റ് ഇത് ഈയിടെ ആറും എട്ടുമായി പുതുക്കി നിശ്ചയിച്ചു. ഇതും തീരെ കുറവാണെന്ന് കണ്ടപ്പോൾ ഒരാൾ പത്ത് ടയറുകളെങ്കിലും റീട്രെഡ് ചെയ്യണമെന്ന നിബന്ധന കൊണ്ടുവന്നു. ഇതിനെതിരെയാണ് പ്രതിഷേധസമരം നടക്കുന്നത്.

ആവശ്യത്തിലേറെ യൂണിയനുകൾ കെ.എസ്.ആർ.ടി.സിയിലുണ്ട്. സർവീസുകൾ മുടക്കുന്ന ടയർ ക്ഷാമത്തിന് പരിഹാരം കാണാനുള്ള ബാധ്യതയിൽനിന്ന് യൂണിയനുകൾക്ക് എങ്ങനെ മാറിനിൽക്കാനാകും. മാനേജ്മെന്റിനെക്കാൾ യൂണിയനുകളും ജീവനക്കാരും ചേർന്നല്ലേ പ്രതിസന്ധി ഘട്ടത്തിൽ കോർപ്പറേഷന്റെ രക്ഷയ്ക്കെത്തേണ്ടത്

കെ.എസ്.ആർ.ടി.സി എല്ലാ പരാധീനതകളിൽനിന്നും മോചിതമായി സ്വന്തം കാലിൽ നിൽക്കണമെന്ന ലക്ഷ്യത്തോടെ സമീപകാലത്ത് ഒട്ടേറെ പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടിരുന്നു. അതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുമുണ്ട്. ദിവസ വരുമാനത്തിൽ ശരാശരി 75 ലക്ഷം രൂപയുടെ വർദ്ധന നേടാനായത് ഇതിന്റെ ഭാഗമാണ്. എല്ലാ വിഭാഗം ജീവനക്കാരുടെയും കൂട്ടായ ശ്രമം അനിവാര്യമായിരിക്കുന്ന ഘട്ടത്തിൽ മേലനങ്ങാതെ ശമ്പളവും ആനുകൂല്യങ്ങളും കൈനീട്ടി വാങ്ങാമെന്ന മനോഭാവം ഉപേക്ഷിക്കുകതന്നെവേണം. ടയർക്ഷാമം കാരണം ബസുകൾ കട്ടപ്പുറത്തായാൽ വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടാകുമെന്ന് അറിയാത്തവരല്ല റീട്രെഡ് യൂണിറ്റുകളിലെ ജീവനക്കാർ. ഉത്പാദനം പരമാവധി കൂട്ടി മിടുക്കുകാണിക്കേണ്ട സന്ദർഭത്തിൽ ജോലിഭാരത്തെക്കുറിച്ച് ആവലാതി പറഞ്ഞ് പ്രതിസന്ധി സൃഷ്ടിക്കുന്നതിലൂടെ സ്വന്തം അന്നമാണ് മുടക്കുന്നതെന്ന ബോധമുണ്ടായിരിക്കണം. ആവശ്യത്തിലേറെ യൂണിയനുകൾ കെ.എസ്.ആർ.ടി.സിയിലുണ്ട്. സർവീസുകൾ മുടക്കുന്ന ടയർ ക്ഷാമത്തിന് പരിഹാരം കാണാനുള്ള ബാധ്യതയിൽനിന്ന് യൂണിയനുകൾക്ക് എങ്ങനെ മാറിനിൽക്കാനാകും. മാനേജ്മെന്റിനെക്കാൾ യൂണിയനുകളും ജീവനക്കാരും ചേർന്നല്ലേ പ്രതിസന്ധി ഘട്ടത്തിൽ കോർപ്പറേഷന്റെ രക്ഷയ്ക്കെത്തേണ്ടത്. ജീവനക്കാർ ന്യായമായ ആവശ്യങ്ങൾക്കായി സമരം നടത്തുമ്പോൾ പൊതുസമൂഹം എന്നും അവരോടൊപ്പം നിന്നിട്ടുണ്ട്. സർക്കാരും കൈയയച്ചു സഹായം നൽകുന്നതുകൊണ്ടാണ് സ്ഥാപനം നിലനിൽക്കുന്നത്. ടയറില്ലാതെ എത്ര ബസുകൾ കട്ടപ്പുറത്ത് കയറിയാലും തങ്ങൾക്ക് ഒന്നുമില്ലെന്ന് ജീവനക്കാർ കരുതിയാൽ ഫലം എന്താകുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. ബാങ്കുകൾ കനിഞ്ഞതുകൊണ്ടുമാത്രമാണ് രണ്ടു മാസമായി മുടങ്ങാതെ ശമ്പളവും പെൻഷനും നൽകാനാവുന്നത്. വരുമാനം കുറഞ്ഞാൽ പഴയ ദുർഗതിയിലേക്കാവും തിരിച്ചുപോക്കെന്ന് എല്ലാവരും മനസിലാക്കണം.

യൂണിയനുകളുടെ അതിരുകടന്ന ദുഃസ്വാധീനത്തിൽനിന്ന് കെ.എസ്.ആർ.ടി.സി മോചിതമാകേണ്ടതുണ്ട്. ജീവനക്കാരുടെ താത്പര്യങ്ങൾക്കുവേണ്ടി യൂണിയനുകൾ നിലകൊള്ളുകതന്നെവേണം. അതേസമയം കോർപ്പറേഷന്റെ ഭരണപരമായ എല്ലാ നടപടികളിലും കയറി ഇടപെടുന്ന പ്രവണത നിയന്ത്രിക്കുകയും വേണം. സദുദ്ദേശ്യത്തോടെ കൊണ്ടുവരുന്ന പരിഷ്കാര നടപടികളെ കണ്ണടച്ച് എതിർക്കുന്നതിന് പകരം സഹകരണത്തിനുള്ള സാദ്ധ്യത കണ്ടെത്തുകയാണ് വേണ്ടത്. ജീവനക്കാരുടെ താത്പര്യങ്ങൾ ബലികഴിക്കാതെ തന്നെ ഇതൊക്കെ സാധിക്കാവുന്നതേയുള്ളൂ. യൂണിയനുകളുടെ ബലത്തിലും സ്വാധീനത്തിലും ഒരു ജോലിയും ചെയ്യാതെ ശമ്പളം പറ്റുന്ന അനവധിപേർ കോർപ്പറേഷനിലുണ്ട്. ഇത്തരക്കാർക്കെതിരെ മാനേജ്മെന്റ് തിരിയുമ്പോൾ രോഷവും പ്രതിഷേധവുമൊക്കെ അണപൊട്ടുന്നത് സ്വാഭാവികമാണ്. സ്ഥാപനത്തിന്റെ നിലനില്പിന് മുഖ്യപരിഗണന നൽകേണ്ടിവരുമ്പോൾ അനിഷ്ടമായ നടപടികൾ അനിവാര്യം തന്നെയാണ്.

ട്രാൻസ്പോർട്ട് ബസുകൾ ഡിപ്പോകളിൽ കട്ടപ്പുറത്ത് ഇരിക്കേണ്ടവയല്ല. നിരത്തുകളിൽ ഓടി വരുമാനം ഉണ്ടാക്കേണ്ടവയാണ്.

ഇനി റംസാൻ പുണ്യനാളുകൾ

ഭക്തിയുടെ രാപ്പകലുകൾ

കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ

വിശുദ്ധ റംസാൻ ആഗതമായി. മുസ്ലിങ്ങൾ ഏറ്റവും പവിത്രതയോടെ കാണുന്ന മാസം. സ്രഷ്ടാവായ അല്ലാഹുവുമായി അടുക്കാൻ ഉത്തമമായ സന്ദർഭം. കാത്തിരിക്കുകയായിരുന്ന വിശ്വാസികൾ ഈ മാസത്തെ വരവേൽക്കാൻ. കഴിഞ്ഞ രണ്ടു മാസവും പ്രാർഥനകളിൽ നിത്യമായി തേടുകയായിരുന്നു, റംസാനിന്റെ ദിനരാത്രങ്ങളിലേക്ക് അടുപ്പിക്കാനും, വ്രതവും നിസ്കാരവും രാത്രിയുള്ള പ്രത്യേക പ്രാർത്ഥനകളും ഖുർആൻ പാരായണവുമെല്ലാം നടത്തി ആത്മശുദ്ധീകരണത്തിന്റെ ധന്യതയിലേക്കുയരാനും. ആലോചിച്ചു നോക്കൂ. എത്ര ഭാഗ്യവാന്മാരാണ് റംസാനെ സ്വീകരിക്കാൻ കഴിയുന്ന വിശ്വാസികൾ. റംസാനെ വീണ്ടും സ്വീകരിക്കാനുള്ള ആയുസ് അല്ലാഹു കനിഞ്ഞേകി തന്നിരിക്കുന്നു. പല മഹാന്മാരുടെയും പ്രാർത്ഥനകൾ, ധാരാളം റംസാനിനെ ജീവിതത്തിൽ അഭിമുഖീകരിക്കാനുള്ള ഭാഗ്യം തേടിയായിരുന്നു. അനേകം റംസാനുകൾ ലഭിക്കുന്ന വിശ്വാസിക്ക് മുമ്പിൽ പുണ്യങ്ങളുടെ വസന്തം ജീവിതത്തിലേക്ക് ചേർത്തുവയ്ക്കാനുള്ള എത്രയോ അവസരങ്ങൾ ആണല്ലോ ലഭിക്കുന്നത്. പാരത്രിക ജീവിതത്തെ സമ്പന്നവും സുഖകരവും ആക്കാനുള്ള എത്രയെത്ര രാവുകൾ. അതുകൊണ്ടു റംസാനിലെ ഓരോ നിമിഷവും ഉപയോഗപ്പെടുത്തണം. നാഥനിൽ മനസും ശരീരവും സമർപ്പിക്കണം.

മുസ്ലിങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനമായ ലക്ഷ്യം പാരത്രിക ലോകത്തെ വിജയമാണ്. ഈ ലോകത്തെ ജീവിതം കേവലവും അപരിമിതവും നിത്യമായ ലോകം വരാനുള്ളത് മരണാനന്തരവുമാണ് എന്നാണ അഖണ്ഡിതമായ ഇസ്ലാമിക വിശ്വാസം. പരമവും കാലാതീതവുമായ ആ പരലോക ജീവിതം വിജയകരമാക്കണമെങ്കിൽ കൂടുതൽ അല്ലാഹുവും റസൂലുമായും അടുക്കണം. നാഥൻ കൽപ്പിച്ചത് പ്രവർത്തിക്കാനും നിരോധിച്ചത് ഉപേക്ഷിക്കാനും കഴിയണം.

റംസാൻ വിശ്വാസികളുടെ മനസിൽ ആത്മീയതയുടെയും ഭക്തിയുടെയും സാന്നിധ്യം ഉറപ്പിച്ചു നിറുത്തുന്ന മാസമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ റംസാൻ കാലത്ത് പോകാൻ കഴിഞ്ഞിട്ടുണ്ട്. മുസ്ലിങ്ങളിൽ മുഴുവൻ സവിശേഷമായ മാറ്റം അവിടങ്ങളിലെല്ലാം പ്രകടമാണ്. എല്ലാ സംഘർഷങ്ങളുടെയും അസ്വസ്ഥതകളുടെയും നടുവിലും റംസാനിന്റെ സുകൃതങ്ങൾ കൊയ്തെടുക്കുവാനുള്ള പരിശ്രമത്തിലാണ് വിശ്വാസികൾ. ഈ ലോകത്തെ കേവല ജീവിതത്തിനപ്പുറം കാര്യങ്ങളെ കാണുന്നവർക്ക് പരലോകം തന്നെയാണല്ലോ പ്രധാനം.

സ്വർഗ പ്രവേശമാണ് വിശ്വാസികളുടെ പ്രധാനപ്പെട്ട ഒരു ലക്ഷ്യം എന്ന് പറയാം. നരകത്തിൽ നിന്നുള്ള എല്ലാ അർഥത്തിലുമുള്ള വിമോചനത്തിനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. പക്ഷേ, മനുഷ്യനെ വഴി പിഴപ്പിക്കാൻ സദാ ശ്രമിക്കുന്നു പിശാച്. മുഹമ്മദ് നബിയുടെ പ്രശസ്തമായ ഒരു ഹദീസ് ഇമാം മുസ്ലിം നിവേദനം ചെയ്തത് ഇങ്ങനെയാണ്: റംസാൻ കടന്നുവന്നാൽ കരുണയുടെ കവാടങ്ങൾ തുറക്കപ്പെടുകയും നരകവാതിലുകൾ താഴിടപ്പെടുകയും ചെയ്യും. പിശാചിനെ ബന്ധനത്തിലാക്കും. വിശ്വാസികൾ ആരാധനകളിലും സത്കർമങ്ങളിലുമായി റംസാനെ സജീവമാക്കണം എന്നതിലേക്കുള്ള കൃത്യമായ സൂചകങ്ങൾ ഉണ്ട് ഈ വചനത്തിൽ.

കേവലം അന്നപാനീയങ്ങൾ ഉപേക്ഷിക്കുക എന്നത് മാത്രമല്ല റംസാനിന്റെ താത്പര്യം. അടിസ്ഥാനപരമായി മനുഷ്യരെ ഭക്തിയുള്ളവർ ആക്കിത്തീർക്കുകയാണ് ഈ മാസം. അല്ലാഹു ഖുർആനിൽ പഠിപ്പിച്ചതും അതാണല്ലോ. വിശ്വാസികളെ സംബോധന ചെയ്ത് 'നിങ്ങൾക്കും മുൻഗാമികൾക്കും വ്രതമനുഷ്ഠാനം നിർബന്ധമാക്കിയത്, നിങ്ങൾ ഭക്തിയുള്ളവരായി തീരാൻ വേണ്ടിയാണ്' എന്ന സൂക്തം റംസാനിന്റെ ആത്മസത്തയെ പ്രകാശിപ്പിക്കുന്നു.

ശരീരത്തിന്റെയും മനസ്സിന്റെയും ആസക്തികളിൽ നിന്നകലുക എന്നതാണ് മനുഷ്യർ തഖ്വയുള്ളവർ ആയിത്തീരാൻ അടിസ്ഥാനപരമായി വേണ്ടത്. പൈശാചികമായ ചിന്തകളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നുമുള്ള വിമോചനം എന്നും പറയാം. ശരീരത്തെ നിയന്ത്രണങ്ങൾക്കപ്പുറം സഞ്ചരിപ്പിക്കുന്നതിൽ വലിയ പങ്കു ഭക്ഷണത്തിനുണ്ട്. വയറു നിറഞ്ഞിരിക്കുമ്പോൾ അലസനമാവും മനുഷ്യൻ. എന്നാൽ റംസാനിലെ വ്രതമനുഷ്ഠാനങ്ങളിലൂടെ അത്തരം ആലസ്യങ്ങളിൽ നിന്നും വൈകാരിക പ്രവണതകളിൽ നിന്നുമെല്ലാം ചിന്തകൾ മാറ്റി അല്ലാഹുവിലേക്ക് അടുക്കാൻ കഴിയണം വിശ്വാസികൾക്ക്. അപ്പോഴേ, നോമ്പിന്റെ ഫലം ലഭിക്കുകയുള്ളൂ.

റംസാനിന്റെ രാത്രികളിലും സജീവമാവണം വിശ്വാസികൾ. തറാവീഹ് ഇരുപത് റകഅത്ത് നിസ്കാരവും വിത്റും തഹജ്ജുദും എല്ലാം അനുഷ്ഠിച്ചു പ്രാർത്ഥനാനിരതമാവണം. റംസാനിലെ റസൂൽ (സ) യുടെ ജീവിതം അപ്രകാരമായിരുന്നു. അവിടുത്തെ അനുചരരും പിൽക്കാലത്തു വന്ന ഇമാമുകളുമെല്ലാം കാണിച്ചുതന്ന മാതൃകയും അതാണ്.

അല്ലാഹുവുമായി അടുക്കാനുള്ള എല്ലാ വഴികളിലും ആത്മാർത്ഥമായി ഇടപഴകണം ഈ മാസത്തിൽ വിശ്വാസികൾ. വിശുദ്ധ ഖുർആൻ ധാരാളമായി പാരായണം ചെയ്യണം. പഠിക്കാൻ സമയം കണ്ടെത്തണം. ദാനധർമങ്ങളിൽ സജീവമാകണം. ഇപ്പോഴും, ദരിദ്രരായ അനേകം പേരുണ്ട് നമ്മുടെയൊക്കെ നാടുകളിൽ. അയൽ സംസ്ഥാനങ്ങളിൽ ആവട്ടെ, നമ്മുടെ സഹോദരന്മാരുടെ അവസ്ഥ പരമദയനീയമാണ്. അല്ലാഹു നൽകിയതിൽ നിന്ന് ദാനം ചെയ്യുമ്പോഴാണ് സമ്പത്തിൽ വൈപുല്യം ഉണ്ടാവുക.

ലോകത്തിന്റെ പല ഭാഗത്തും ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി, കിടപ്പാടം തേടി അലയുകയാണ് നമ്മുടെ സഹോദരന്മാർ. അഭയാർത്ഥികളെന്ന ലേബലുകളിൽ പലർക്കും ഒരു നാട്ടിലും തങ്ങാനുള്ള പൗരത്വം പോലുമില്ല. എന്നിട്ടും പലരും പ്രതീക്ഷയിലാണ്. കഷ്ടപ്പാടുകളുടെ മധ്യത്തിലും റംസാനെ വരവേൽക്കുന്നു അവർ. പ്രയാസങ്ങളിൽ ക്ഷമിക്കുമ്പോൾ, പലരും ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ തുണയാണ്. ഈ ലോകത്തിലെ സഹനങ്ങൾക്കു പാരത്രികജീവിതത്തിൽ പ്രതിഫലം കിട്ടുമെന്ന ഉറച്ച വിശ്വാസം. ഈ ശുഭപ്രതീക്ഷയാണ് വിശ്വാസികളുടെ ജീവിതത്തെ ചലനാത്മകമാക്കുന്നത്. ഹൃദയത്തെ നിത്യവസന്തത്തിന്റെ മൂർധന്യതയിൽ നിറുത്തുന്നത്. റംസാൻ നൽകുന്നതും അവശേഷിപ്പിക്കുന്നതും അത്തരം ഒരു കരുത്താവണം. വിശ്വാസത്തിന്റെ ബലം. അല്ലാഹു റംസാനെ ഹൃദയപൂർവം സ്വീകരിച്ച, അല്ലാഹു നിർദ്ദേശിച്ച പോലെ വിനിയോഗിച്ച വിശ്വാസികളിൽ നമ്മെ ഉൾപ്പെടുത്തട്ടെ.

(ലേഖകൻ മർകസ് ചാൻസലറും അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറിയുമാണ്)

ഫോട്ടോ : സത്യൻ

ഈ ലോകത്തിലെ സഹനങ്ങൾക്കു പാരത്രികജീവിതത്തിൽ പ്രതിഫലം കിട്ടുമെന്ന ഉറച്ച വിശ്വാസം. ഈ ശുഭപ്രതീക്ഷയാണ് വിശ്വാസികളുടെ ജീവിതത്തെ ചലനാത്മകമാക്കുന്നത്. ഹൃദയത്തെ നിത്യവസന്തത്തിന്റെ മൂർദ്ധന്യതയിൽ നിറുത്തുന്നത്. റംസാൻ നൽകുന്നതും അവശേഷിപ്പിക്കുന്നതും അത്തരം ഒരു കരുത്താവണം

കൊലവിളി രാഷ്ട്രീയത്തിനെതിരെ ഈ നാട് ഇനിയെങ്കിലും ഉണരൂ...

വെള്ളാപ്പള്ളി നടേശൻ

മാനേജിംഗ് എഡിറ്റർ, യോഗനാദം

(യോഗനാദം മേയ് 15 ലക്കത്തിലെ മുഖപ്രസംഗം)

ദൈവത്തിന്റെ സ്വന്തം നാടായ, കേരളത്തിൽ 100 ശതമാനം സാക്ഷരത കൈവരിച്ചു എന്ന് അഹങ്കരിക്കുന്ന, ജനാധിപത്യ വ്യവസ്ഥിതിക്ക് ആദ്യമായി തുടക്കം കുറിച്ച, ഒട്ടനവധി മഹത് വ്യക്തിത്വങ്ങൾക്ക് ജന്മം നൽകിയ നമ്മുടെ ഈ മണ്ണിൽ ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടെ ഈ അരുംകൊല. പച്ച മാംസത്തിൽ പച്ചിരിമ്പ് കൊണ്ട് വെട്ടി തുണ്ടം തുണ്ടമാക്കി മരിച്ചു എന്ന് ഉറപ്പ് വരുത്തുന്നതുവരെ അത് തുടരുന്ന ഈ പൈശാചികത ആരു വിചാരിച്ചാലും അവസാനിക്കില്ലേ?. അരുംകൊല തടയാനും, അല്പമെങ്കിലും ജീവൻ ബാക്കിയുണ്ടെങ്കിൽ അത് നിലനിർത്തുവാനും ആരെങ്കിലും ശ്രമിച്ചാൽ അവരെ സംഭവസ്ഥലത്തേക്ക് അടുക്കുവാനാവാത്ത വിധം പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് മാനുഷിക മൂല്യങ്ങൾക്ക് മേൽ താഴിട്ടു പൂട്ടി ഇത്തരം കൊലവിളി നടത്തുന്ന ഭീകരരൂപികൾക്ക് അർഹമായ ശിക്ഷ നൽകുവാൻ നമ്മുടെ നീതി പീഠത്തിന് കഴിയാതെ പോകുന്നത് എന്തുകൊണ്ട്? ജനിച്ചിട്ട് ഒരിക്കൽപ്പോലും തമ്മിൽ കണ്ടിട്ടില്ലാത്തവർ, ഒരു വാക്ക് കൊണ്ടോ പ്രവൃത്തികൊണ്ടോ പരസ്പരം വൈരാഗ്യം ഉണ്ടായിട്ടില്ലാത്തവർ, തമ്മിൽ വെട്ടിമരിക്കുവാൻ പ്രേരകമാകുന്ന സാഹചര്യങ്ങളെ മനസ്സിലാക്കുവാനും അത് കണ്ടുപിടിക്കുവാനും അതിനാവശ്യമായ തെളിവുകൾ ശേഖരിച്ച് അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാനും അവർക്ക് മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കുവാനുമുള്ള ഇച്ഛാശക്തിയും ജ്ഞാനശക്തിയും, ക്രിയാശക്തിയും ഇല്ലാത്ത വെറും ഉപകരണങ്ങൾ മാത്രമാണോ നമ്മുടെ പൊലീസും രഹസ്യാന്വേഷണ സംവിധാനങ്ങളും. ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ആവശ്യമായ തീരുമാനങ്ങൾ കാലകാലങ്ങളിൽ എടുക്കുവാനും ഉള്ള നിയമങ്ങൾക്ക് പഴുതോ, പോരായ്മയോ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാനും ഓരോ പ്രദേശത്തെയും ജനങ്ങളുടെ ജീവിത സുരക്ഷയ്ക്കായി, ആ പ്രദേശത്തിന്റെ ശബ്ദമാകുവാൻ ജനങ്ങൾ തെരഞ്ഞെടുക്കുന്ന നിയമസഭാസാമാജികർക്ക് അവരെ തെരഞ്ഞെടുത്ത് വിട്ട പൊതുസമൂഹത്തോട് തന്റെ പ്രജകൾ അരുംകൊല ചെയ്യപ്പെടുമ്പോൾ അവിടെ പക്ഷം ചേർന്ന് സംസാരിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്?.

പത്രമാദ്ധ്യമങ്ങളും ദൃശ്യമാദ്ധ്യമങ്ങളും സാമൂഹ്യമാദ്ധ്യമങ്ങളും പരസ്പരം മത്സരിച്ചുകൊണ്ട് 24 മണിക്കൂറും കാമറാ കണ്ണുകൾ തുറന്ന് പിടിച്ച് അവരുടെ ദൗത്യം നിർവഹിച്ചിട്ടും ഈ അരുംകൊല കൂടുന്നതല്ലാതെ കുറയുന്നില്ലല്ലോ?. കാടിനുവേണ്ടിയും, കാവുകൾക്കുവേണ്ടിയും, മണ്ണിനുവേണ്ടിയും, വെള്ളത്തിനുവേണ്ടിയും, ഈച്ചയ്ക്കും, ഉറുമ്പിനും, പട്ടിയ്ക്കു വേണ്ടിയും തൂലിക പടവാളാക്കുന്ന കവികളും, സാഹിത്യകാരൻമാരും, സാംസ്ക്കാരിക നായകൻമാരും ഉണ്ടായിട്ടും ഒടുക്കുവാൻ കഴിയാത്തതാണോ ഈ കൊടുംക്രൂരത. മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും പ്രകൃതി സ്നേഹികളുടെയും എണ്ണം കൂടിയതാണോ ഇത്തരം സാഹചര്യങ്ങൾക്ക് ആക്കംകൂട്ടിയത്. സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ എത്തുന്ന ഭരണാധികാരികൾ അവർ ഏതു പാർട്ടിക്കാരായാലും ആരൊക്കെ അവർക്ക് എതിർത്തും അനുകൂലിച്ചും വോട്ടുചെയ്തിട്ടുണ്ടെങ്കിലും മന്ത്രിയായി കഴിഞ്ഞാൽ അവർ ഈ രാജ്യത്തെ ആബാലവൃദ്ധം ജനങ്ങളുടെയും സംരക്ഷകരാണ്. അവിടെ പക്ഷം പിടിച്ച് സംസാരിക്കുന്നതുപോലും ഈ ജനാധിപത്യ സമൂഹത്തിൽ ഭരണഘടനാ ലംഘനമാണ്. എന്നാൽ അവരുടെയൊക്കെ ഭാഗത്തു നിന്നും ഉണ്ടാകുന്ന പ്രതികരണങ്ങൾ ഇത്തരം കൊടും ക്രിമിനലുകൾക്ക് ആത്മവിശ്വാസം പകരുന്നതാകയാൽ അത് പൊതുസമൂഹത്തിന് നൽകുന്നത് അപായ സൂചനയാണ്. ഇത് ഇനിയും തുടരണമോ?. അങ്ങനെയായാൽ ഒരു കാര്യം ഉറപ്പ് ഇന്ന് ഇവരെ സംരക്ഷിക്കുന്നവർ അത് ഏത് വിഭാഗത്തിൽപ്പെട്ടവരായാലും അതിന് കൂട്ടു നിൽക്കുന്നതോ അല്ലെങ്കിൽ കുറ്റകൃത്യങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നവരോ ജനാധിപത്യത്തിന്റെ ഏതു എസ്റ്റേറ്റ് വിഭാഗമായാലും നാളെ ഈ കൊടും ക്രിമിനലുകളെ നിയന്ത്രിക്കാൻ ആർക്കും കഴിയാതെ വരും. ഒടുവിൽ അത് ഭസ്മാസുരന് വരം കിട്ടിയതു പോലെയോ, കുടത്തിൽ നിന്നും തുറന്ന വിട്ട ഭൂതത്തെപോലെയോ ഇവിടെ സംഹാര താണ്ഡവം ആടും. അത് ഇ.എം.എസും അച്യുതമേനോനും, ആർ.ശങ്കറുമൊക്കെ പടുത്തുയർത്തിയ ജനാധിപത്യത്തെ കുനിച്ച് നിർത്തി തോക്കിൻ കുഴലിലൂടെയും ബോംബിലൂടെയും വടിവാളിലൂടെയും ജനാധിപത്യ സംരക്ഷണം നടത്തുന്ന ക്രിമിനലുകളുടെ നാടായിമാറും നമ്മുടെ ഈ സാക്ഷര കേരളം.

ഇതിന് അറുതി വരുത്തുന്നതിന് എല്ലാവരും കൂട്ടായി ഗൗരവത്തോടെ ഒരേ മനസ്സോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിന് രാഷ്ട്രീയം മറന്ന് പ്രവർത്തിക്കണം. അതിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഈ നാടിനോടും ജനങ്ങളോടും, ജനാധിപത്യത്തിനോടും ആയിരിക്കണം പ്രതിബദ്ധതയും കടപ്പാടും. പകലന്തിയോളം എല്ല് മുറിയെ പണിയെടുത്ത് അതിൽ നിന്ന് കിട്ടുന്ന വരുമാനത്തിൽ നിന്നും ജി.എസ്.റ്റി ഇനത്തിലും പെട്രോൾ, ഡീസൽ നികുതി ഇനത്തിലും റോഡ് ടാക്സ്, വെള്ളക്കരം, ഭൂനികുതി, വീട്ടുകരം, തൊഴിൽ കരം, ടോൾ തുടങ്ങി എന്തിനും ഏതിനും നികുതി പിരിച്ച് ഖജനാവ് നിറച്ച് അതിന്റെ സുഖലോലുപതയിൽ ജീവിക്കുന്ന അധികാരി വർഷങ്ങൾ ഇനിയെങ്കിലും ഈ കൊടും ക്രൂരതയ്ക്ക് അരുനിൽക്കുന്നത് അവസാനിപ്പിക്കണം. അതിന് കഴിയും. നമുക്ക് ഇവിടെ മുൻ അനുഭവമുണ്ട്.

നീതിനിർവഹണത്തിന് നീതി പീഠത്തെ സഹായിക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള നീതിദേവതയുടെ ഉപാസകരായ അഭിഭാഷകർ ഒരു ചരിത്രപരമായ തീരുമാനം എടുത്തിരുന്ന വർഷങ്ങൾക്ക് മുൻപ്. ആസിഡ് ബൾബ് കേസ് എടുക്കേണ്ടെന്ന്. അതൊരു ചരിത്ര മുഹൂർത്തമായിരുന്നു. അത്തരം ആക്രമണം ഇല്ലാതായത് ആ ചരിത്രപരമായ തീരുമാനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. ഇന്നും ആ തീരുമാനമെടുത്ത അഭിഭാഷക സമൂഹത്തെ നാം ആദരിക്കുന്നു. അതുപോലെ തന്നെയുള്ള ഒരു വിപ്ലവകരമായ തീരുമാനമായിരുന്ന നോക്കുക്കൂലി ഇല്ലാതാക്കുവാനുള്ള രാഷ്ട്രീയ തീരുമാനം. അത് കേരളത്തിന്റെ വ്യവസായിക വികസനത്തിന് ഏറെ ഗുണകരമാകുമെങ്കിലും അവിടെ ഒരു തൊഴിൽ നിഷേധം സംഭവിക്കുന്നുണ്ട്. എങ്കിൽ പോലും ഒരു പൊതുസമീപനത്തിന്റെ ഭാഗമായി എല്ലാവരും അതിന് തയ്യാറാകുന്നുവെങ്കിൽ എന്തുകൊണ്ട് ഈ കൊലപാതക രാഷ്ട്രീയത്തിന് അറുതി വരുത്തുവാൻ നമുക്ക് ഒരുമിച്ചുകൂടാ.........രാഷ്ട്രീയ കൊലപാതകം എന്നല്ല ഒരു കൊലയ്ക്കും ആരും അരുനിൽക്കരുത്. അത്തരത്തിലൊരു തീരുമാനമെടുക്കുവാൻ ഇനിയും വൈകിക്കൂട. ഉത്തരവാദിത്വപ്പെട്ടവർ ഇനിയും അതിന് തയ്യാറായില്ലെങ്കിൽ കാലം മാപ്പു തരില്ല. അങ്ങനെ സംഭവിച്ചാൽ ഓരോ രക്തസാക്ഷികളുടെയും കുടുംബത്തിലെ തോരാത്ത കണ്ണീർ അതൊരു മഹാശാപമായി ദുരന്തമായി ബന്ധപ്പെട്ടവരുടെ മേൽ വന്ന് പതിക്കും. അന്ന് നിങ്ങൾക്കുവേണ്ടി കരയുവാനോ ജയ് വിളിക്കുവാനോ ഇന്ന് കാണുന്നവർ ഉണ്ടാവില്ല. തിരിച്ചറിവ് നേടുന്ന പൊതുജനത്തിന്റെ മലവെള്ളപ്പാച്ചിലിൽ തകർന്ന് തരിപ്പണമാകും ഈ കനകസിംഹാസനങ്ങൾ എല്ലാം തന്നെ. ഉറപ്പ്.

ജീവന്റെ താക്കോൽ സൂക്ഷിക്കുന്ന പ്രകാശം

ഡോ: പി. വിവേകാനന്ദൻ

ഇന്നലെ അന്തർദേശീയ പ്രകാശദിനമായിരുന്നു. ഇനി മുതൽ, മേയ് 16, അന്തർദേശീയ പ്രകാശദിനമായി അറിയപ്പെടും. പ്രകാശത്തിന്റെ പ്രാധാന്യം എവിടെയെല്ലാം, എന്തെല്ലാമാണെന്ന് പറഞ്ഞാലും പറഞ്ഞാലും തീരില്ല. ശാസ്ത്രജ്ഞന്മാരെ എപ്പോഴും അമ്പരിപ്പിച്ചിട്ടുള്ളതാണ് പ്രകാശം. പ്രകാശം ആരാണെന്ന് ചോദിച്ചാൽ ന്യൂട്ടൻ പറയും അതിൽ നിറയേ കോർപ്പസിൽസ് എന്ന കണങ്ങൾ ഉണ്ടെന്ന്. ഹ്യൂജിയൻ പറയും അതൊരു തരംഗം മാത്രമാണെന്ന് എന്നാൽ മാക്സ് പ്ലാങ്ക് പറയും അതിൽ ഫോട്ടോണുകൾ ഉണ്ടെന്ന്. എന്നാൽ മാക്സ്‌വെല്ലിനോട് ചോദിച്ചാൽ അദ്ദേഹം പറയും പ്രകാശത്തിൽ വൈദ്യുത കാന്തിക മണ്ഡലം ഉണ്ടെന്ന്. എന്തുതന്നെയായാലും ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളുടെയും നിലനിൽപ്പിന് പ്രകാശം അനിവാര്യമാണ്. സസ്യങ്ങൾക്ക് ആഹാരം പാകം ചെയ്യാൻ പ്രകാശം ഇല്ലാതെ വയ്യ. ഈ സസ്യങ്ങളെ തിന്നു ജീവിക്കുന്ന മൃഗങ്ങൾക്കും പ്രകാശം അനിവാര്യമാണ്. മനുഷ്യന്റെ നിലനിൽപ്പ് തീരുമാനിക്കുന്നത് പ്രകാശമാണ്. സൂര്യപ്രകാശത്തിലെ വിറ്റാമിൻ ഡി ഇല്ലാതെ മനുഷ്യന് ജീവിക്കാൻ പറ്റില്ല. പ്രകാശം ഇല്ലെങ്കിൽ കണ്ണിന്റെ ഉപയോഗം ഇല്ലാതാകും. ഭൂമി കൂടുതൽ തണുത്തുതണുത്തുപോകാതെ സൂക്ഷിക്കുന്നത് പ്രകാശമാണ്. സസ്യങ്ങളെയും മൃഗങ്ങളെയും പകൽ സമയം പ്രവർത്തനക്ഷമമാക്കുന്നതും രാത്രികാലങ്ങളിൽ വിശ്രമിക്കുവാനായി തീരുമാനിക്കാൻ സഹായിക്കുന്ന ശരീരത്തിലെ ക്ലോക്കിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതും പ്രകാശം തന്നെ.

1930 ഓടു കൂടി പ്രകാശത്തെക്കുറിച്ചുള്ള പഠനം മുഴുവൻ പൂർത്തിയായി എന്ന് കുറേ ശാസ്ത്രജ്ഞൻമാർ പ്രഖ്യാപിക്കുകയും, പ്രകാശത്തെ കല്ലറയിലടച്ച് വിശ്രമിക്കട്ടെ എന്ന് കരുതുകയും ചെയ്തു. ആയിടയ്ക്കാണ് ലേസർ കണ്ടുപിടിച്ചതും അതിന്റെ ഉപയോഗങ്ങൾ ചിന്തകൾക്കപ്പുറത്താണെന്ന് മനസ്സിലാക്കിയതും. ഇന്നിപ്പോൾ ദൈനംദിന ജീവിതത്തിൽ ലേസറുകൾ ഇല്ലാതെ വയ്യ എന്ന അവസ്ഥയാണ്. ലേസർ കണ്ടുപിടിച്ച് അത് മനുഷ്യന്റെ സമസ്ഥ മേഖലകളിലും ഉപയോഗപ്രദമാണെന്ന് മനസ്സിലാക്കിയതിന്റെ വാർഷികാഘോഷം നടന്നത് 1960 മേയ് 16-ാം തീയതിയാണ്. ആരോഗ്യമേഖലകളിലും, വയർലെസ് കമ്മ്യൂണിക്കേഷൻ മേഖലകളിലും ലേസറില്ലാതെ ഒന്നും നടക്കില്ല. അതുകൊണ്ടാണ് മേയ് 16-ാം തീയതി യുനെസ്കോ അന്തർദേശീയ പ്രകാശദിനമായി തിരഞ്ഞെടുത്തിരിക്കുന്നത്.

2018 മേയ് 16-ാം തീയതി പാരീസിലെ യുനെസ്കോ ഹെഡ്ക്വാർട്ടേഴ്സിൽ നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കാൻ പ്രൊഫ. പി. വിവേകാനന്ദനെ ക്ഷണിച്ചിട്ടുണ്ട്. 2015 ൽ അന്താരാഷ്ട്ര പ്രകാശ വർഷത്തോടനുബന്ധിച്ച് റോമിലെ സപ്പൻസിയ യൂണിവേഴ്സിറ്റിയിൽ നടന്ന കോൺഫ്രൻസിൽ, ഒരു ലോക പ്രകാശദിനം ആചരിക്കണമെന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത് ഈ ലേഖകനാണ്.



ഭൂമി കൂടുതൽ തണുത്തുതണുത്തുപോകാതെ സൂക്ഷിക്കുന്നത് പ്രകാശമാണ്. സസ്യങ്ങളെയും മൃഗങ്ങളെയും പകൽ സമയം പ്രവർത്തനക്ഷമമാക്കുന്നതും രാത്രികാലങ്ങളിൽ വിശ്രമിക്കുവാനായി തീരുമാനിക്കാൻ സഹായിക്കുന്ന ശരീരത്തിലെ ക്ലോക്കിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതും പ്രകാശം തന്നെ.